പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4072 24.08.2017 ൽ മറുപടിയ്ക്ക്

## പുതിയ തരത്തിലുള്ള മയക്കമരുന്നുകളുടെ വരവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.സ്വരാജ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ തരത്തിലുള്ള വിവിധ മയക്കമരുന്നുകളുടെ വരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്റ്റിക്കർ രൂപത്തിലും അതുപോലെ പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കാത്ത തരത്തിലും വരുന്ന ഇത്തരം മയക്കമരുന്നുകളെ കണ്ടുപിടിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; | (ബി) | എല്ലാത്തരം നിരോധിത ലഹരി വസ്തുക്കളുടെയും ഉത്പാദനം, കടത്ത്, വിപണനം, ഉപയോഗം തുടങ്ങിയവ കണ്ടെത്തി തടയുന്നതിനും അവക്കെതിരായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | (സി) | സംസ്ഥാനത്ത് നാർക്കോട്ടിക് വിഭാഗത്തിൽപ്പെട്ട ഹെറോയിൻ, ബ്രൗൺഷുഗർ, ഓപ്പിയം, കൊക്കയിൻ, ഹാഷിഷ്, എം.ഡി.എം.എ. തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ശ്രദ്ധയിൽ പെട്ടിട്ടുള്ളതാണ്. കൂടാതെ സ്റ്റാമ്പ്/സ്റ്റിക്കർ രൂപത്തിലുള്ള എൽ.എസ്.ഡി. എന്ന ലഹരി വസ്തുവിന്റെ ഉപയോഗവും കണ്ടെത്തിയിട്ടുണ്ട്.<br>ഇത്തരം നിരോധിത ലഹരി പദാർത്ഥങ്ങൾ കൂടാതെ കൊഡീൻ അടങ്ങിയിട്ടുള്ള കഫ് സിറപ്പുകൾ, ക്ലോബാസം, ഡൈസെപാം, ലോറസെപാം, നൈട്രോസെപാം എന്നിവ അടങ്ങിയ ജീവൻരക്ഷാ മരുന്നുകളും സ്പാസ്മോ പ്രോക്സിവോൻ ഗുളികകളും ലഹരിയ്ക്കായി ദുരുപയോഗം ചെയ്തുവരുന്നു. ആംഫിറ്റമീൻ, അനാവർ, ഡെക്കാഡുറാബൊലിൻ, ഗ്രോത്ത്, വിൻസ്ട്രോൾ (അനാബോളിക് സ്റ്റിറോയിഡ്) തുടങ്ങിയ മരുന്നുകൾ |

കായികതാരങ്ങൾ, ജിംനേഷ്യത്തിൽ പ്രാക്ടീസ് ചെയ്യുന്നവർ ഉൾപ്പെടെയുള്ളവർ ലഹരിയ്ക്കും അവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുമായി ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ലഹരി വസ്തുക്കൾ തിരിച്ചറിയുന്നതിന് സഹായകകരമാകുന്ന തരത്തിലുള്ള പരിശീലനങ്ങൾ എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതും കാലാകാലങ്ങളിൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നതും ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ ലഭ്യമാക്കിയിട്ടുള്ളതാണ്.

കഞ്ചാവ് അടക്കമുള്ള ഇത്തരം ലഹരിവസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊ ണ്ടുവന്ന് വിപണനം നടത്തുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊ ണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും കണ്ടെത്തി ഫലപ്രദമായി തടയുന്നതിന് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകൾ, ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ്, ബോർഡർ/റോഡ് പെട്രോളിംഗ് വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുള്ളതുമാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെയും സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഈ വിഷയത്തിൽ ഉറപ്പു വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും എക്സൈസ് വകുപ്പിന്റെ ആഭ്യമുഖ്യത്തിൽ പ്രസ്തുത വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തി വരുന്നതുമാണ്. ഇത്തരം ലഹരി വസ്തുക്കൾക്കെതിരായി പൊതു സമൂഹത്തിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കും വിദ്യാർത്ഥി

| | | | |
|---|---|---|---|
| | | | കൾക്കും ഇടയിൽ അവബോധം സൃഷ്ടിക്കാനുതകുന്ന തരത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ